5. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്"നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു

6. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം റോവിങ്സ്/സ്ലിവർ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു

7. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ, പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

9. വിദേശികളെയും മറ്റ് സംസ്ഥാനക്കാരെയും ഉദ്ദേശിച്ചുകൊണ്ട് നെടുമ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദിഗ്രാമ സൗഭാഗ്യ ആരംഭിച്ചു.

10. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തി, ഖാദി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഖാദി തൊഴിലാളികളുടെ കൂലിയിലും പ്രൊഡക്ഷൻ ഇൻസെന്റീവിലുമുള്ള കുടിശ്ശിക

102 (4093) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഖാദി തൊഴിലാളികളുടെ കൂലി ഇനത്തിലും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലും കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) മേൽ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കടിശ്ശിക സംബന്ധിച്ച വിവരം വർഷം തിരിച്ച് താഴെക്കൊടുക്കുന്നു :

മിനിമം വേതനം (ഇൻകം സപ്പോർട്ട് സ്കീം) ഇനത്തിലുള്ള കടിശ്ശിക

2013-14	-	1,94,33,556 രൂപ
2014-15	-	10,03,21,781 രൂപ
ആകെ		11,97,55,337 രൂപ

പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലുള്ള കടിശ്ശിക

2013-14	-	59,49,795 രൂപ
2014-15	-	51,13,969 രൂപ
ആകെ		1,10,63,764 രൂപ

(സി) 2014-15 വർഷത്തേയ്ക്ക് ആകെ വകയിരുത്തിയ 22 കോടി രൂപയിൽ 11 കോടി രൂപ 11-12-2014-ലെ സ.ഉ.(ആർ.റ്റി.)നമ്പർ 1707/2014/തൊഴിൽ എന്ന സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. ആയത് ഉടൻ വിതരണം ചെയ്യുന്നതാണ്.

പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നത്

103 (4094) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?